**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

(2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത്
റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)
പ്രകാരം സമർപ്പിക്കുന്നത്

2013 ജൂൺ 24–ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VI
## (വിദ്യാഭ്യാസം)

(2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത്
റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)
പ്രകാരം സമർപ്പിക്കുന്നത്

2013 ജൂൺ 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

919/2013.

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി VI

## വിദ്യാഭ്യാസം

## (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

" ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ശ്രീ. ജോസഫ് വാഴക്കൻ

" റ്റി. വി. രാജേഷ്

" ഷാഫി പറമ്പിൽ

" എം. ഉമ്മർ

" പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

" തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI (2011-2013)-ന്റെ ചെയർമാനായ ഞാൻ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 11-6-2012-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 14-2-2013, 7-5-2013, 20-6-2013 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിൽ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളുടെയും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെയും വിവരങ്ങളും രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത വിവരം സംക്ഷിപ്ത രൂപത്തിൽ വകുപ്പ് തിരിച്ച് ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് ചേർത്തിരിക്കുന്നു.

2013 ജൂൺ മാസം 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം.
2013 ജൂൺ 20.

# റിപ്പോർട്ട്

## ഭാഗം 1

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

ശിപാർശ (ഖണ്ഡിക 12)

2203-00-001-99—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറാഫീസ്

2012-13 സാമ്പത്തികവർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി 80 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 13)

2203-00-001-97—മേൽനോട്ടം-ജോയിന്റ് ഡയറക്ടറേറ്റുകൾ

2012-13 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമേ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 14)

2203-00-108-99—പരീക്ഷാ വിഭാഗം

2012-13 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിവിഹിതമായി 70 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡിക 12, 13, 14)

സബ്ജക്ട് കമ്മിറ്റി VI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ 12 മുതൽ 14 വരെയുള്ള ഖണ്ഡികകൾ പ്രകാരം സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുകകൾ അനുവദിച്ച് നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് 2012-13 സാമ്പത്തികവർഷത്തെ ആദ്യ SDG-യിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ 12, 13, 14 ശിപാർശകളിൽ തുക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തുക അനുവദിച്ചു നൽകുന്നതിനുള്ള Additional Authorization Proposal സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 23290/ജി2/12/ഉ.വി.വ. തീയതി 18-8-2012)

919/2013.

ശിപാർശ (ഖണ്ഡിക നമ്പർ 15)

2203-00-105-86—കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ത്രൂ പോളിടെക്നിക്

കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ത്രൂ പോളിടെക്നിക് എന്ന കേന്ദ്ര ഗവൺമെന്റ് സ്കീമിൽനിന്നും തുക ലഭ്യമാക്കുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം അവസാനത്തിൽ ആരംഭിച്ച ഈ പുതിയ ശീർഷകത്തിൽ ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 864 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഒന്നാംഘട്ട സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ 326 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിൽ 248 ലക്ഷം രൂപയും ഉൾപ്പെടെ 574 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 6382/എൽ.2/13/ഉ.വി.വ. തീയതി 6-6-2013)

ശിപാർശ (ഖണ്ഡിക നമ്പർ 16)

2202-03-800-73—കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

കൗൺസിലിന്റെ സെന്റർ ഫോർ റിസർച്ച് ഓൺ പോളിസീസ് ഇൻ ഹയർ എഡ്യൂക്കേഷൻ, സെന്റർ ഫോർ കരിക്കുലം ഡെവലപ്മെന്റ് ആന്റ് എക്സാമിനേഷൻ റിഫോംസ് എന്നിവയുടെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പരിപാടികൾക്കും സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം, ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം, സ്കോളർഷിപ്പ് വിതരണം, എറുഡേറ്റ് പ്രോഗ്രാം, സ്റ്റേറ്റ് അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരണം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയുടെ നടത്തിപ്പിനായി 419 ലക്ഷം രൂപ അധിക ധനസഹായമായി ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 2012-13 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന 9 കോടി രൂപ കൗൺസിലിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൗൺസിലിന്റെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിക്ക് മാത്രമായി 814 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23289/സി.3/12/ഉ.വി.വ. തീയതി 19-6-2013)

ശിപാർശ (ഖണ്ഡിക 21)

2202-04-001-93—സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ

ദൃശ്യമാധ്യമ രംഗത്തെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങളിൽ യുവജനങ്ങൾക്ക് അവസരം ലഭ്യമാക്കുന്നതിന് അന്തർദ്ദേശീയ നിലവാരത്തിൽ തുടർവിദ്യാഭ്യാസ കേന്ദ്രത്തിന്റെ കീഴിൽ സ്ഥാപിച്ച കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന സ്ഥാപനത്തിൽ 2013 ജൂണിൽ ക്ലാസ്സുകൾ ആരംഭിക്കത്തക്കരീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട തുണ്ട്. ഇതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതി വിഹിതമായി 2000 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് എന്ന സ്ഥാപനത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ ചെലവുകൾക്കായി 4 കോടി രൂപ 2012 SDG-യിൽ അനുവദിച്ചിരുന്നു.

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ അധിക തുക അനുവദിക്കുന്നതിനായി KRNNIVSA സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസൽ വീണ്ടും ധനവകുപ്പിലേക്ക് അയച്ചപ്പോൾ അനുവദിച്ച തുകപോലും പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ KRNNIVSA സെക്രട്ടറിയുടെ പ്രൊപ്പോസൽ പിന്നീട് പരിഗണിക്കുന്ന തിനായി മാറ്റിവെച്ചുവെന്ന് ധനവകുപ്പ് അറിയിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ 23292/എൽ.1/12/ഉ.വി.വ. തീയതി 16-4-2013)

ശിപാർശ (ഖണ്ഡിക 23)

നടപ്പുവർഷം ഐ.എച്ച്.ആർ.ഡി. 18.09 കോടി രൂപയായിരുന്നു ആവശ്യപ്പെട്ടിരുന്ന തെങ്കിലും അനുവദിച്ചത് 10 കോടി രൂപയാണ്. ഇത് സ്ഥാപനത്തിന്റെ പ്രവർത്തന ങ്ങൾക്ക് അപര്യാപ്തമായതിനാൽ ഐ.എച്ച്.ആർ.ഡി.-യുടെ വിവിധ പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിനുമായി 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 പ്ലാൻ ഫണ്ടിനത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ 187 ലക്ഷം രൂപകൂടി അധികമായി ഐ.എച്ച്.ആർ.ഡി.-ക്ക് നൽകുകയുണ്ടായി. 2011-12 പ്ലാൻ ഫണ്ടിനത്തിൽ 650 ലക്ഷം രൂപ അനുവദിച്ചു. ഇതിനുപുറമേ 216 ലക്ഷം രൂപ അവശ വിഭാഗത്തിലെ സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയിലേക്കായി നൽകുകയുണ്ടായി. 2012-13-ൽ 1000 ലക്ഷം രൂപ പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ചു. കൂടാതെ 100 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. 2013-14-ൽ 1200 ലക്ഷം രൂപ പ്ലാൻ ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ 3 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ഐ.എച്ച്.ആർ.ഡി.-യുടെ വിവിധ കോഴ്സുകളുടെ ഫീസ് കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. 2012-13-ൽ എഞ്ചിനീയറിംഗ് കോളേജുകളിലെ

50% മെറിറ്റ് സീറ്റിലേക്കുള്ള വാർഷിക ഫീസ് 20,000 രൂപയിൽ നിന്നും 35,000 രൂപയായി വർദ്ധിപ്പിച്ചുനൽകി. കൂടാതെ ഐ.എച്ച്.ആർ.ഡി. പോളിടെക്നിക് കോളേജുകളുടെ ഫീസ് 12,000 രൂപയിൽ നിന്നും 18,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള അപ്ലൈഡ് സയൻസ് ടെക്നിക്കൽ ഹൈസ്ക്കൂളുകളുടേയും ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആകയാൽ ഇപ്പോൾ ഐ.എച്ച്.ആർ.ഡി.-യുടെ സാമ്പത്തിക പ്രതിസന്ധിയുടെ തീവ്രത ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 23294/ജെ.1/12/ഉ.വി.വ. തീയതി 19-6-2013)

## ശാസ്ത്രസാങ്കേതിക വകുപ്പ്

### ശിപാർശ (ഖണ്ഡിക 25)

ഗവേഷണ പരിപാടികളും ഗവേഷണ സ്ഥാപനങ്ങളും തുടങ്ങുന്നതിന്റെ ഭാഗമായി ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്റ്ലാന്റ് സ്റ്റഡീസ് എന്നീ സ്ഥാപനങ്ങൾ തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കായി നടപ്പുവർഷം അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ രണ്ട് സ്ഥാപനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

### സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ കൗൺസിലിന് പ്ലാൻ ഫണ്ടായി അനുവദിച്ച തുകയിൽ നിന്നുമാണ് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വെറ്റ് ലാൻഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പ്രവർത്തനങ്ങൾക്കായി തുക കണ്ടെത്തിയത്.

### ശിപാർശ (ഖണ്ഡിക 26)

കൗൺസിലിന്റെ കീഴിലുള്ള ആറ് ഗവേഷണ സ്ഥാപനങ്ങളുടേയും കൗൺസിൽ കാര്യാലയത്തിലേയും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്ന തിനുമായി പദ്ധതിയേതര ഇനത്തിൽ വർഷങ്ങളായി അനുവദിക്കുന്ന തുക അപര്യാപ്ത മായതിനാൽ കൗൺസിലിന്റെ കീഴിലുള്ള എല്ലാ ഗവേഷണ സ്ഥാപനങ്ങളിലും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതിനാൽ കൗൺസിലിന് കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ വർഷങ്ങളായി ശാസ്ത്രജ്ഞരുടെ പുതിയ നിയമനം നടത്താൻ സാധിക്കുന്നില്ലായെന്നത് ഖേദകരമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിയേതര ഇനത്തിൽ നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1700 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ആവശ്യങ്ങൾക്കായി ആകെ 3380.53 ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചത്. മേൽതുക കൊണ്ട് എല്ലാ ആവശ്യങ്ങളും പൂർണ്ണമായി നിറവേറ്റാൻ സാധിച്ചിരുന്നില്ല.

ശിപാർശ (ഖണ്ഡിക 27)

3425-60-200-70—ബയോടെക്നോളജി-വികസനം

ബയോടെക്നോളജി മേഖലയിൽ ശാസ്ത്രീയ ഗവേഷണ വികസന കർമ്മ പരിപാടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സഹായിക്കാനും പുതിയ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ ബയോടെക്നോളജി മേഖലയിലെ പ്രവർത്തനങ്ങൾക്കായി ആകെ 100 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 1143/എ4/2012/ശ.സ.വ. തീയതി 20-6-2013 ഖണ്ഡികകൾ 25, 26, 27)

## കായിക യുവജനകാര്യവകുപ്പ്

ശിപാർശ (ഖണ്ഡിക 28)

2204-00-103-98-36—യൂത്ത് വെൽഫെയർ ബോർഡ്-ധനസഹായം-ശമ്പളേതരം

സംസ്ഥാനത്തെ യുവജന ക്ഷേമപ്രവർത്തനങ്ങൾ വിഭാവനം ചെയ്ത് നടപ്പാക്കുന്ന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നാണ് കേരളോത്സവം. നഗരവാസികളായ യുവജനങ്ങൾക്കൊപ്പം ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും വിദ്യാർത്ഥികളല്ലാത്ത യുവജനങ്ങൾക്കും തങ്ങളുടെ പ്രതിഭ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള കർമ്മപരിപാടികളുടെ ഭാഗമായി ഗ്രാമ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ-സംസ്ഥാനതലങ്ങളിലായി സംഘടിപ്പിക്കുന്ന കേരളോത്സവത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ധനസഹായം തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് നൽകുന്ന ഗ്രാന്റ് തുക വർദ്ധിപ്പിച്ചു നൽകേണ്ടതാണെന്നും പഞ്ചായത്തിന് നൽകുന്ന തുക 10,000 രൂപയിൽ നിന്നും 15,000 രൂപ ആയി വർദ്ധിപ്പിച്ചു നൽകണമെന്നും ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ 85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-ലെ കേരളോത്സവം സംഘടിപ്പിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാന്റ് തുക 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കേരളോത്സവത്തിനായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 30)

പഞ്ചായത്ത് കോ-ഓർഡിനേറ്റർമാർക്ക് നിലവിൽ ഓണറേറിയമായി അനുവദിച്ചു വരുന്ന 1,500 രൂപ 2,500 രൂപയാക്കി വർദ്ധിപ്പിച്ചുനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകി യുവശക്തി ഫലപ്രദമായി നടപ്പിലാക്കുവാൻ 140 ലക്ഷം രൂപ ബഡ്ജറ്റിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പഞ്ചായത്ത് കോ-ഓർഡിനേറ്റർമാർക്ക് അനുവദിച്ചുവരുന്ന ഓണറേറിയം 1,500 രൂപയിൽ നിന്നും വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യുവശക്തി പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 540 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 31)

രാജ്യത്തിനകത്തും പുറത്തുമുള്ള സഞ്ചാരപ്രിയരായ യുവജനങ്ങൾക്ക് വിവിധ ദേശം, ഭാഷ, സംസ്കാരം ഇവ പരിചയപ്പെടുത്തുകവഴി ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ വിവിധ ജില്ലകളിൽ യുവജന ക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ യൂത്ത് ഭവനുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് യുവ അതിഥിമന്ദിരം പദ്ധതി. ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ള തുകയ്ക്കുപുറമേ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പെരിന്തൽമണ്ണ യുവ അതിഥി മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്ക് എത്തിയിട്ടുണ്ട്. യൂത്ത് ഭവനുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണോ എന്ന് അന്വേഷിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് യൂത്ത് ഭവനുകൾ നിർമ്മിക്കുന്നതിന് 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. യുവ അതിഥി മന്ദിരത്തിനായി നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 32)

കേരളത്തിലെ യുവാക്കളിലെ സാഹസിക കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളം ദേശീയ സാഹസിക അക്കാഡമിയിലും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രത്തിലും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും അക്കാഡമി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപ അധികമായി ആവശ്യമാണ്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 50 ലക്ഷം രൂപ നടപ്പുവർഷം അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദേശീയ സാഹസിക അക്കാഡമിയിൽ സാഹസിക ഉപകരണങ്ങൾ വാങ്ങുന്ന തിലേക്കുള്ള ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ഇവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാഹസിക പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തികവർഷം 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക 33)

യുവജനക്ഷേമ ബോർഡിന്റെ ജാലകം പദ്ധതി എല്ലാ ജില്ലകളിലും ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ജില്ലാ യുവജന കേന്ദ്രങ്ങൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റും വാങ്ങുന്നതിനും കൂടാതെ യുവജനക്ഷേമ ബോർഡ് സി-ഡിറ്റുമായി സഹകരിച്ച് തൊഴിലില്ലാത്ത യുവജനങ്ങൾക്ക് സംസ്ഥാനാടിസ്ഥാനത്തിൽ സൗജന്യമായി ഡി.റ്റി.പി. പരിശീലനം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതികൾക്കുമായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ജാലകം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലാ യുവജന കേന്ദ്രങ്ങൾക്കും കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. സി-ഡിറ്റുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഡി.റ്റി.പി. പരിശീലനം, പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ എന്നിവയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽ പരിശീലന പദ്ധതികൾക്കായി നടപ്പ് സാമ്പത്തികവർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക 34)

വിവിധ രാജ്യങ്ങളുടെ പരമ്പരാഗത കലകൾ, സംസ്കാരം, കായിക വിനോദങ്ങൾ തുടങ്ങിയവ യുവാക്കൾക്ക് മനസ്സിലാക്കുന്നതിന് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ യുവജനക്ഷേമ ബോർഡ് ആരംഭിച്ച് അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പദ്ധതിക്കായി ഈ വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വിദേശ രാജ്യങ്ങളിൽ യുവജനങ്ങൾക്ക് സന്ദർശനം നടത്താനുള്ള പ്രോഗ്രാമുകൾക്കായി 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തെ അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേരളത്തിലെ 45 വയസ്സിനു താഴെയുള്ള നിയമസഭാ സാമാജികരെയും, 2012-ലെ സംസ്ഥാനതല കേരളോത്സവത്തിൽ നാടോടിപ്പാട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച വരെയും ബോർഡംഗങ്ങളെയും ഉൾപ്പെടുത്തി ചൈന സന്ദർശനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി നടപ്പുസാമ്പത്തിക വർഷം 26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 35)

യുവജനക്ഷേമബോർഡ്, യൂത്ത് സെന്റർ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് പദ്ധതിയേതര ഇനത്തിൽ 1015 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 18.87 ലക്ഷം രൂപ മാത്രമാണ് 2012-13-ൽ അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ യുവജനക്ഷേമബോർഡ്, യൂത്ത് സെന്റർ എന്നിവയുടെ പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതര ഇനത്തിൽ നടപ്പു സാമ്പത്തികവർഷം സംസ്ഥാന യുവജനക്ഷേമ ബോർഡിന് 20.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. യൂത്ത് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഈ തുക ബോർഡിനുമാത്രമായി ഉപയോഗിക്കാവുന്നതാണ്.

സർക്കാർ കത്ത് നമ്പർ 2556/ബി2/13/കാ.യു.വ. തീയതി 20-6-2013 ഖണ്ഡികകൾ 28, 30 മുതൽ 35 വരെ)

ശിപാർശ (ഖണ്ഡിക 36)

2204-00-104-79—'ഗോ ഫോർ ഗോൾഡ്' സ്കീം

2016 ഒളിമ്പിക്സിൽ ഇന്ത്യക്ക് സ്വർണ്ണമെഡൽ ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിലെ തെരഞ്ഞെടുത്ത അത്‌ലറ്റുകളെ പരിശീലിപ്പിക്കുന്നതിന് രൂപംകൊടുത്ത ഗോ ഫോർ ഗോൾഡ് എന്ന പദ്ധതിക്ക് നടപ്പുവർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഗോ ഫോർ ഗോൾഡ് പദ്ധതിക്കായി 2012-13 വർഷം തുക വകയിരുത്താൻ ആവശ്യമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 37)

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

സർക്കസ് കലാകാരന്മാർക്കുള്ള പ്രോത്സാഹനമായി, അവശതയനുഭവിക്കുന്ന സർക്കസ് കലാകാരന്മാർക്ക് 1980 മുതൽ സർക്കാർ പെൻഷൻ പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് നിലവിൽ 1149 സർക്കസ് പെൻഷൻകാരാണുള്ളത്. 1999-ൽ പരിഷ്കരിച്ച നിരക്കനുസരിച്ച് പ്രതിമാസം 500 രൂപയാണ് പെൻഷൻ തുക. സർക്കസ് പെൻഷൻ തുക 1,000 രൂപയായി വർദ്ധിപ്പിക്കുന്നതിനായുള്ള ആവശ്യം പരിഗണനയിലുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ അധികമായി 65.75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കസ് കലാകാര പെൻഷൻ തുക 500 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതിക്കായി അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശിപാർശ (ഖണ്ഡിക 38)

2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ

സംസ്ഥാനത്തെ കായിക വികസനത്തിന് പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ചുമതലകളും അത് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളും മുൻകാലഘട്ടത്തെ അപേക്ഷിച്ച് പതിൻമടങ്ങ് വർദ്ധിച്ച സാഹചര്യത്തിൽ സ്പോർട്സ് കൗൺസിലിലെ 62 മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും 148 കോച്ചുകളുടേയും ശമ്പളത്തിനും അലവൻസിനുമായി 10 കോടിയോളം രൂപ വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഇനത്തിലെ ശമ്പളേതര വിഭാഗത്തിൽ വേതനം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, പെൻഷൻ തുടങ്ങിയവയ്ക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ വിഹിതം അനുവദിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ 800 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 39)

2204-00-104-95—ദേശീയവും അന്തർദ്ദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാന തുക

2008-09, 2009-10, 2010-11, 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ ദേശീയവും അന്തർദ്ദേശീയവുമായ കായിക മത്സരങ്ങളിൽ വിജയിച്ച കായിക താരങ്ങൾക്ക് അനുവദിച്ച ക്യാഷ് അവാർഡ് തുക ഇനിയും നൽകിയിട്ടില്ലെന്നും ആയതിലേക്ക് 5,90,87,390 രൂപ സ്പോർട്സ് കൗൺസിലിന് വേണ്ടിവരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമേ 177 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്പോർട്സ് കൗൺസിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ പദ്ധതിയേതര യിനത്തിൽ (നോൺ-സാലറി) 4 കോടി രൂപയും ക്യാഷ് അവാർഡ് നൽകുന്ന ഇനത്തിൽ 1,77,43,149 രൂപയും 2012-13 സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 2556/ബി2/13/കായുവ. തീയതി 20-6-2013 ഖണ്ഡികകൾ 36, 37, 38, 39)

919/2013.

## സാംസ്കാരികകാര്യ വകുപ്പ്

ശിപാർശ (ഖണ്ഡിക നമ്പർ 40)

2202-05-102-97—സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്-ധനസഹായം

കുട്ടികളുടെ വിജ്ഞാനവളർച്ചയും സർഗ്ഗാത്മകവിജ്ഞാനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പുസ്തക പ്രസിദ്ധീകരണം, അവാർഡുകൾ, സെമിനാറുകൾ, സാഹിത്യ പ്രചരണം, കെട്ടിടസമുച്ചയം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതി ഇനത്തിൽ 106 ലക്ഷം രൂപയും ശമ്പളം, വാഹനം തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 620 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിവിഹിതം 106 ലക്ഷം രൂപയായും പദ്ധതിയേതര വിഹിതം 620 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല എന്നതിനാൽ മൊത്തം വിഹിതത്തിന്റെ മാറ്റം വരാതെ ഗ്രാന്റിനുള്ളിൽ അനുയോജ്യമായ ധനപുനഃക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണെന്ന വിവരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിരുന്നെങ്കിലും 2012-13 സാമ്പത്തികവർഷം നിർദ്ദേശമൊന്നും ലഭിച്ചില്ല.

ശിപാർശ (ഖണ്ഡിക 41)

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്-ധനസഹായം

മലയാള ഭാഷയുടെ വളർച്ചയ്ക്കും വികസനത്തിനും പ്രോത്സാഹനം നൽകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിട നിർമ്മാണം, പുസ്തക നിർമ്മാണം, ഭാഷാ നവീകരണം, പുസ്തക പ്രദർശനം തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ പദ്ധതിയിനത്തിൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 42)

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും ക്ഷാമബത്ത കുടിശ്ശിക പി.എഫ്.-ലേക്ക് ലയിപ്പിക്കുന്നതിനും ശമ്പള പരിഷ്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ഖണ്ഡിക 41, 42)

വിഭവലഭ്യതയുടെ പരിമിതി കാരണം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിവിഹിതം 150 ലക്ഷം രൂപ അധികവും പദ്ധതിയേതര വിഹിതം 50 ലക്ഷം രൂപ അധികവും വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല. മൊത്തം വിഹിതത്തിൽ മാറ്റംവരാതെ ഗ്രാന്റിനുള്ളിൽ അനുയോജ്യമായ ധനപുനഃക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണെന്ന വിവരവും ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിരുന്നെങ്കിലും നിർദ്ദേശമൊന്നും ലഭിച്ചില്ല.

ശിപാർശ (ഖണ്ഡിക 44)

2202-05-102-98—സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രം-ധനസഹായം

സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ഇൻസ്റ്റിറ്റ്യൂട്ടിന്റെ കറന്റ് ചാർജ്, വെള്ളക്കരം, ഓഫീസ് ഭരണച്ചെലവ് തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കായുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകുന്ന സാഹചര്യങ്ങളിൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശികയായ 214.48 ലക്ഷം രൂപ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനായി പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 150 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 300 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിവിഹിതം 150 ലക്ഷം രൂപ അധികവും പദ്ധതിയേതര വിഹിതം 300 ലക്ഷം രൂപ അധികവും വർദ്ധിപ്പിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ സർക്കാരിനു നിർവ്വാഹമില്ല. മൊത്തം വിഹിതത്തിൽ മാറ്റംവരാതെ ഗ്രാന്റിനുള്ളിൽ അനുയോജ്യമായ ധനപുനഃക്രമീകരണ നിർദ്ദേശം സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണെന്ന വിവരവും ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിരുന്നെങ്കിലും നിർദ്ദേശമൊന്നും ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 6014/സി1/2012/സി.എ.ഡി. തീയതി 29-5-2013 ഖണ്ഡികകൾ 40, 41, 42, 44)

ശിപാർശ (ഖണ്ഡിക 45)

2205-00-101-97—കേരള കലാമണ്ഡലത്തിന് ധനസഹായം

കേരളത്തിലെ ക്ലാസിക്കൽ കലകളുടെ ഉന്നമനത്തിനും പരിശീലനത്തിനും വേണ്ടി നിലകൊള്ളുന്ന കൽപ്പിത സർവ്വകലാശാലയായ കേരള കലാമണ്ഡലത്തിന് യു.ജി.സി. റിവ്യൂ കമ്മിറ്റി നിഷ്കർഷിച്ചിരിക്കുന്ന ഭൗതിക സൗകര്യ വികസനരംഗത്തും അക്കാദമിക് തലത്തിലും ചെയ്യേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതി-പദ്ധതിയേതര ചെലവുകളിൽ വർദ്ധനവ് ആവശ്യമാണ്. ആയതിനാൽ യു.ജി.സി. കമ്മിറ്റി നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടിയ

അക്കാദമിക് ബ്ലോക്ക്, ആഡിറ്റോറിയം എന്നിവ അടിയന്തിരമായി നിർമ്മിക്കുന്നതിനും വിദേശ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ആധുനിക സൗകര്യമുള്ള റിസർച്ച് & ലൈബ്രറി സെന്റർ, സ്റ്റുഡിയോ-കം-ഡോക്യുമെന്റേഷൻ സെന്റർ, പുതിയ കളരികൾ എന്നിവ നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ പദ്ധതിയിനത്തിൽ 8 കോടി രൂപയും അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളം നൽകുന്നതിനായി പദ്ധതിയേതര ഇനത്തിൽ 4 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാരിന്റെ പരിമിതമായ വിഭവ ലഭ്യത കാരണം ഈ വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് അധിക വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല. 8-8-2012-ലെ ജി.ഒ.(പി) നമ്പർ 442/12/ധന. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചെലവുചുരുക്കൽ നടപടികളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

### ശിപാർശ (ഖണ്ഡിക 46)

### 2205-00-101-96—ജവഹർ ബാലഭവൻ-ധനസഹായം

കുട്ടികളിലെ കലാ-സാംസ്കാരിക-സാഹിത്യ-ശാസ്ത്ര-പരിസ്ഥിതി മണ്ഡലങ്ങളിലുള്ള അഭിരുചി കണ്ടെത്തി അവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകി അതാതു രംഗങ്ങളിൽ പ്രാഗത്ഭ്യം നേടിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ജവഹർ ബാലഭവനുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. കൂടാതെ മുൻ വർഷങ്ങളിലെ ഗ്രാന്റ് തുക കുടിശ്ശികയാണെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാലഭവനുകൾക്ക് കുടിശ്ശിക തീർക്കുന്നതിനും ഇപ്പോഴത്തെ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ അഞ്ച് ബാലഭവനുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ജവഹർ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 35 ലക്ഷം രൂപയും തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും വട്ടിയൂർക്കാവ് ഗുരുഗോപിനാഥ് നടന ഗ്രാമത്തിന് പദ്ധതിയിനത്തിൽ 28 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 28.97 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്നതിന് 45 ലക്ഷം രൂപയും പ്രശസ്തരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 125 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ നിലവിൽ സംസ്ഥാനത്തിന്റെ

സാമ്പത്തികസ്ഥിതി പര്യാപ്തമല്ല എന്നിരിക്കിലും വിവിധ സ്ഥാപനങ്ങൾക്ക് അധികതുക അനുവദിക്കുന്ന കാര്യം, അർഹമായ അപേക്ഷകളിൽ സംസ്ഥാനത്തിന്റെ അപ്പോഴത്തെ ധനസ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 5169/എ2/12/സി.എ.ഡി. തീയതി 10-12-2012)

ശിപാർശ (ഖണ്ഡിക 47)

2205-00-102-97—കേരള സാഹിത്യ അക്കാഡമി-ധനസഹായം

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ച ലക്ഷ്യമിട്ട് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കേരള സാഹിത്യ അക്കാദമി ലോക മലയാള സമ്മേളനം, പുസ്തക പ്രസിദ്ധീകരണം, സാഹിത്യ-സാംസ്കാരിക പരിപാടികൾ, ലൈബ്രറി നവീകരണം, സ്കോളർഷിപ്പ് തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ ഈ വർഷം നടത്തിവരുന്നുണ്ട്. സാഹിത്യ അക്കാദമിയിൽ തുച്ഛമായ വേതനത്തിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന നിരവധി ജീവനക്കാരുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേരള സാഹിത്യ അക്കാദമിയുടെ നടപ്പുവർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചു നൽകുന്നതിനുമായി പദ്ധതിയിനത്തിൽ 560 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ പരിമിതമായ വിഭവ ലഭ്യത കാരണം ഈ വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് അധിക വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല. 8-8-2012-ലെ ജി.ഒ.(പി) നമ്പർ 442/12/ധന. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചെലവ് ചുരുക്കൽ നടപടികളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ 5168/എ1/12/സി.എ.ഡി. തീയതി 3-5-2013)

ശിപാർശ (ഖണ്ഡിക 49)

2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം, തോന്നയ്ക്കൽ-ധനസഹായം

1958-ൽ തോന്നയ്ക്കലിൽ ആരംഭിക്കുകയും 1999-ൽ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തപ്പെടുകയും ചെയ്ത കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ആശാൻ സ്മാരക സംരക്ഷണം തുടങ്ങിയ ചെലവുകൾക്കായി പദ്ധതിയേതര ഇനത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ജവഹർ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 35 ലക്ഷം രൂപയും തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതിയിനത്തിൽ

35 ലക്ഷം രൂപയും വട്ടിയൂർക്കാവ് ഗുരുഗോപിനാഥ് നടന ഗ്രാമത്തിന് പദ്ധതിയിനത്തിൽ 28 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 28.97 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്നതിന് 45 ലക്ഷം രൂപയും പ്രശസ്തരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 125 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നിയമസഭാ സമിതി ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ നിലവിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല എന്നിരിക്കിലും വിവിധ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിക്കുന്ന കാര്യം, അർഹമായ അപേക്ഷകളിൽ സംസ്ഥാനത്തിന്റെ അപ്പോഴത്തെ ധനസ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 5169/എ2/12/സി.എ.ഡി. തീയതി 10-12-2012)

ശിപാർശ (ഖണ്ഡിക 51)

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ ധനസഹായം

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിയ വിവിധ ഭാഷാ ന്യൂനപക്ഷങ്ങളുടെ കലാക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകം, കല, ചരിത്രം എന്നിവ മറ്റ് സംസ്ഥാനങ്ങൾക്ക് പരിചയപ്പെടുത്തുക, വിവിധ സംസ്ഥാനങ്ങൾ തമ്മിലുളള സാംസ്കാരിക വിനിമയ പരിപാടി സംഘടിപ്പിക്കുക തുടങ്ങിയ സ്ഥാപിത ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഭാരത് ഭവന്റെ നടപ്പ് വർഷത്തെ പദ്ധതികളായ അതിഥിദേവോഭവ, ദേശീയോദ്ഗ്രഥന പരിപാടികൾ, നാഷണൽ ട്രാൻസിലേഷൻ ക്യാമ്പ്, അറേബ്യൻ സാംസ്കാരിക മേളകൾ, മറുനാടൻ ആയോധന ഉത്സവം തുടങ്ങിയ വിവിധ പരിപാടികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 45 ലക്ഷം രൂപയും ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ പരിമിതമായ വിഭവ ലഭ്യത കാരണം ഈ വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് അധിക വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല. 8-8-2012-ലെ ജി.ഒ.(പി) നമ്പർ 442/12/ധന. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുളള ചെലവ് ചുരുക്കൽ നടപടികളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുളള വിഹിതത്തിനുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ 5168/എ1/12/സി.എ.ഡി. തീയതി 3-5-2013)

ശിപാർശ (ഖണ്ഡിക 52)

2205-00-102-68—വാസ്തുവിദ്യാ ഗുരുകുലം-ധനസഹായം

ഭാരതീയ വാസ്തുവിദ്യയുടെയും അനുബന്ധ വിഷയങ്ങളുടെയും പ്രചരണത്തിനും സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിന് ബഡ്ജറ്റിൽ

പദ്ധതിയേതര ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 45 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന് 2012-13 സാമ്പത്തികവർഷത്തിൽ പദ്ധതിയേതര ഇനത്തിൽ 2205-00-102-68-36 (NP) ശീർഷകത്തിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ വർഷം ഈ സ്ഥാപനത്തിന് നോൺ പ്ലാനിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അധികമായി തുക ആവശ്യമായിവരുന്നില്ലെന്ന് 2013-14-ലെ സബ്ജക്ട് കമ്മിറ്റിയുടെ കുറിപ്പിൽ പ്രസ്താവിക്കുന്ന സാഹചര്യത്തിൽ അധിക തുക വകയിരുത്തേണ്ടതായി കാണുന്നില്ല.

(സർക്കാർ കത്ത് നമ്പർ 5720/ബി3/12/സാം.ക.വ. തീയതി 15-5-2013)

ശിപാർശ (ഖണ്ഡിക 53)

2205-00-102-76—ഗുരുഗോപിനാഥ് നടനഗ്രാമം-ധനസഹായം

നൃത്ത-സംഗീത കലകളെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ഗുരുഗോപിനാഥ് നടനഗ്രാമത്തിന് അന്താരാഷ്ട്ര നിലവാരമുള്ള ദേശീയ നൃത്ത മ്യൂസിയം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് അനുവദിച്ചെങ്കിലും സംസ്ഥാന വിഹിതം ലഭിക്കാത്തതിനാൽ പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമേ 300 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്കുമായി പദ്ധതിയേതര ഇനത്തിൽ 11 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ജവഹർ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 35 ലക്ഷം രൂപയും തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും വട്ടിയൂർക്കാവ് ഗുരുഗോപിനാഥ് നടന ഗ്രാമത്തിന് പദ്ധതിയിനത്തിൽ 28 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 28.97 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്നതിന് 45 ലക്ഷം രൂപയും പ്രശസ്തരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 125 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നിയമസഭാ സമിതി ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ നിലവിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല എന്നിരിക്കിലും വിവിധ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിക്കുന്ന കാര്യം, അർഹമായ അപേക്ഷകളിൽ സംസ്ഥാനത്തിന്റെ അപ്പോഴത്തെ ധനസ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 5169/എ2/12/സി.എ.ഡി. തീയതി 10-12-2012)

ശിപാർശ (ഖണ്ഡിക 54)

2205-00-102-87—നിർദ്ധനരായ കലാകാരൻമാർക്കുള്ള സഹായം

സാംസ്കാരിക ഡയറക്ടറേറ്റ് വഴി സാഹിത്യകാരന്മാർക്കും കലാകാരൻമാർക്കും ധനസഹായം നൽകുന്ന പദ്ധതി പ്രകാരം കലാകാരപെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന 2470 കലാകാരന്മാർക്ക് 550 രൂപയാണ് പെൻഷനായി നൽകുന്നത്. കലാകാര പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. മുന്നൂറിൽപ്പരം പുതിയ അപേക്ഷകർക്കുൾപ്പെടെ കലാകാര പെൻഷൻ 1000 രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമേ 169.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി നിലനിൽക്കുന്നതിനാൽ നടപ്പ് സാമ്പത്തികവർഷം കൂടുതൽ തുക വകയിരുത്താൻ കഴിയുകയില്ല. എങ്കിലും കലാകാര പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 5183/സി3/12/സി.എ.ഡി. തീയതി 26-11-2012)

ശിപാർശ (ഖണ്ഡിക 55)

2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ധനസഹായം

സംസ്ഥാനത്തെ മലയാള ചലച്ചിത്ര-ടെലിവിഷൻ മാധ്യമങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും പരിപോഷണത്തിനുമായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് പദ്ധതിയേതര ഇനത്തിലെ ശമ്പളാനുകൂല്യങ്ങൾ, വാടക, വൈദ്യുതി ചാർജ്, പെട്രോൾ തുടങ്ങിയ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമേ 24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പദ്ധതിയേതര ശീർഷകങ്ങളിൽ ആകെ 147.9 ലക്ഷം രൂപ അവശേഷിക്കുന്ന സാഹചര്യത്തിൽ പദ്ധതിയേതര ശീർഷക ങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തീരുന്നമുറയ്ക്ക് മാത്രം അധിക ധനസഹായം അനുവദിക്കുന്ന വിഷയം പരിഗണിക്കുവാൻ ധന വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 4906/എ3/12/സി.എ.ഡി. തീയതി 29-10-2012)

ശിപാർശ (ഖണ്ഡിക 56)

2205-00-102-90—സംഗീത നാടക അക്കാദമിക്ക് ധനസഹായം-ശമ്പളേതരം

കേരള സംഗീത നാടക അക്കാദമിയുടെ നടപ്പുവർഷത്തെ പദ്ധതികളായ അമച്വർ നാടകമത്സരം, ലൈബ്രറി വികസനം, കേളി പ്രസിദ്ധീകരണം, സാംസ്കാരിക സ്ഥാപന ങ്ങളുമായി സഹകരിച്ചുള്ള പ്രവർത്തനം, ശിൽപ്പശാലകൾ, കലോത്സവങ്ങൾ,

സ്കോളർഷിപ്പ്, സംഗീതോത്സവം തുടങ്ങിയ പരിപാടികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ പരിമിതമായ വിഭവ ലഭ്യത കാരണം ഈ വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് അധിക വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല. 8-8-2012-ലെ ജി.ഒ.(പി) നമ്പർ 442/12/ധന. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചെലവ് ചുരുക്കൽ നടപടികളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ 5168/എ1/12/സി.എ.ഡി. തീയതി 3-5-2013)

ശിപാർശ (ഖണ്ഡിക 57)

സംഗീത നാടക അക്കാദമിയുടെ സുവർണ്ണ ജൂബിലി ഉപഹാരമെന്ന നിലയിൽ ഓരോ വർഷവും ഇന്റർ നാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള എന്ന പേരിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിന്റെ നടത്തിപ്പിനായി ഒരു കോടി രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അന്താരാഷ്ട്ര നാടകോത്സവത്തിന്റെ നടത്തിപ്പിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 5168/എ1/12/സി.എ.ഡി. തീയതി 3-5-2013)

ശിപാർശ (ഖണ്ഡിക 58)

2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള അനാവർത്തന ധനസഹായം ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ജവഹർ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 35 ലക്ഷം രൂപയും തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും വട്ടിയൂർക്കാവ് ഗുരുഗോപിനാഥ് നടന ഗ്രാമത്തിന് പദ്ധതിയിനത്തിൽ 28 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 28.97 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്നതിന്

45 ലക്ഷം രൂപയും പ്രശസ്തരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 125 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ നിലവിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല എന്നിരിക്കിലും വിവിധ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിക്കുന്ന കാര്യം, അർഹമായ അപേക്ഷകളിൽ സംസ്ഥാനത്തിന്റെ അപ്പോഴത്തെ ധനസ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 5169/എ2/12/സി.എ.ഡി. തീയതി 10-12-2012)

ശിപാർശ (ഖണ്ഡിക 59)

2205-00-102-98—പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സ്മാരകങ്ങൾ

പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ പദ്ധതിയിനത്തിലും 5 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജവഹർ ബാലഭവനുകൾക്ക് പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 35 ലക്ഷം രൂപയും തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും വട്ടിയൂർക്കാവ് ഗുരുഗോപിനാഥ് നടന ഗ്രാമത്തിന് പദ്ധതിയിനത്തിൽ 28 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 28.97 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്നതിന് 45 ലക്ഷം രൂപയും പ്രശസ്തരായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സ്മാരകങ്ങൾ നിർമ്മിക്കുന്നതിന് 125 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കൂടുതൽ തുക അനുവദിക്കാൻ നിലവിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല എന്നിരിക്കിലും വിവിധ സ്ഥാപനങ്ങൾക്ക് അധിക തുക അനുവദിക്കുന്ന കാര്യം, അർഹമായ അപേക്ഷകളിൽ സംസ്ഥാനത്തിന്റെ അപ്പോഴത്തെ ധനസ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 5169/എ2/12/സി.എ.ഡി. തീയതി 10-12-2012)

ശിപാർശ (ഖണ്ഡിക 60)

അന്യംനിന്നുപോയിക്കൊണ്ടിരിക്കുന്ന നാടോടി കലകളുടെ പ്രചരണം, സംരക്ഷണം, രേഖപ്പെടുത്തൽ, നാടൻ കലാകാരന്മാർക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്ന കേരള ഫോക് ലോർ അക്കാദമിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ

ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 20 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ പരിമിതമായ വിഭവ ലഭ്യത കാരണം ഈ വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് അധിക വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല. 8-8-2012-ലെ ജി.ഒ(പി) നമ്പർ 442/12/ധന. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചെലവ് ചുരുക്കൽ നടപടികളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

ശിപാർശ (ഖണ്ഡിക 61)

2205-00-102-74—നാടൻകലാ അക്കാഡമി-ധനസഹായം

കൊടക്കാട് കണ്ണപെരുവണ്ണാൻ സ്മാരക തെയ്യം കലാഗ്രാമം തുടങ്ങുന്നതിനായി പദ്ധതി ഇനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ പരിമിതമായ വിഭവലഭ്യത കാരണം ഈ വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറത്ത് അധിക വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ല. 8-8-2012-ലെ ജി.ഒ.(പി) നമ്പർ 442/12/ധന. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ചെലവ് ചുരുക്കൽ നടപടികളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതാണ്.

(സർക്കാർ ഉത്തരവ് നമ്പർ 5168/എ1/12/സി.എ.ഡി. തീയതി 3-5-2013)

ശിപാർശ (ഖണ്ഡിക 62)

2205-00-103-99—പുരാവസ്തു ഗവേഷണ വകുപ്പ്

സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണ മേഖലയിലും ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടും പ്രവർത്തിച്ചുവരുന്ന പുരാവസ്തു വകുപ്പിലെ ദിവസക്കൂലി ജീവനക്കാരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 25 ലക്ഷം രൂപയും പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം പ്രവർത്തിക്കുന്ന ശ്രീപാദം കൊട്ടാരത്തിന്റെ 2007 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും മാനന്തവാടി പഴശ്ശി കുടീരം പ്രോജക്ട് കെട്ടിടത്തിന്റെ 2006 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും അടയ്ക്കുന്നതിന് 2.15 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പുരാവസ്തു വകുപ്പിലെ ദിവസക്കൂലി ജീവനക്കാരുടെ വേതന വർദ്ധനവിനത്തിൽ 25 ലക്ഷം രൂപയും പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയം പ്രവർത്തിക്കുന്ന ശ്രീപാദം കൊട്ടാരത്തിന്റെ 2007 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും മാനന്തവാടി പഴശ്ശി

കുടീരം പ്രോജക്ട് കെട്ടിടത്തിന്റെ 2006 മുതൽ 2011 വരെയുള്ള നികുതി കുടിശ്ശികയും അടയ്ക്കുന്നതിന് 2.15 ലക്ഷം രൂപയും 23-1-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 617/13/ധന. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ ഉത്തരവ് നമ്പർ 5719/ബി1/12/സാം.ക.വ. തീയതി 17-3-2013)

ശിപാർശ (ഖണ്ഡിക 64)

2205-00-104-99—സംസ്ഥാനത്തെ പുരാതന ഗ്രന്ഥശേഖരം

കേരളത്തിന്റെ ചരിത്രപരവും ഭരണപരവുമായ രേഖകൾ സംരക്ഷിക്കുന്നതിനായി നിലകൊള്ളുന്ന കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പിലെ റഫറൻസ് മീഡിയായുടെ കമ്പ്യൂട്ടർവൽക്കരണം, റിക്കാർഡുകൾ, താളിയോലകൾ, കൈയെഴുത്ത് പ്രതികൾ എന്നിവയുടെ ഡിജിറ്റൈസേഷൻ, താളിയോലകൾ, കൈയെഴുത്ത് പ്രതികൾ എന്നിവയുടെ സംരക്ഷണം തുടങ്ങി വിവിധങ്ങളായ പ്രവൃത്തികൾക്കും അവയുടെ അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 145 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആർക്കൈവ്സ് വകുപ്പിന്റെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ പദ്ധതി ഇനത്തിൽ 66 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പുരാരേഖാ വകുപ്പിന് 2012-13 സാമ്പത്തികവർഷത്തേക്ക് പദ്ധതി വിഹിതമായി അനുവദിച്ച 145 ലക്ഷം രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ഇനങ്ങൾക്ക് പര്യാപ്തമല്ലെങ്കിലും ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതലായി സമിതി ശിപാർശ ചെയ്ത 66 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കിയാലും അവ ചെലവഴിച്ച് പരിമിതമായ സമയത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 2013-14 സാമ്പത്തികവർഷം അതിനുള്ള നടപടികൾ തുടരുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 6002/സി2/2012/സാം.ക.വ. തീയതി 12-6-2013)

**ഭാഗം 2**

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് മറുപടി ലഭിക്കാത്ത ശിപാർശകൾ.

## പൊതുവിദ്യാഭ്യാസ വകുപ്പ്

2202-01-101-99—ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ

04-1—യാത്രാബത്ത

ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 62.46 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

ശിപാർശ

2202-01-102-99—ഗവൺമെന്റേതര പ്രൈമറി സ്കൂളുകൾക്കുള്ള ധനസഹായം

04-1—യാത്രാബത്ത

ഗവൺമെന്റേതര പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ഔദ്യോഗിക യാത്രാബത്തയിനത്തിൽ കുടിശ്ശികയുൾപ്പെടെയുള്ള തുക യഥാസമയം അനുവദിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 146.36 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

ശിപാർശ

2202-02-109-99—ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾ

04-1—യാത്രാബത്ത

ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ഔദ്യോഗിക യാത്രകൾ യഥാസമയം നടത്തുന്നതിനായി യാത്രാബത്ത അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 37.36 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

ശിപാർശ

2202-02-110-99—ഗവൺമെന്റേതര സെക്കണ്ടറി സ്കൂളുകൾക്കുള്ള ധനസഹായം

04—യാത്രാച്ചെലവുകൾ

ഗവൺമെന്റേതര സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ഔദ്യോഗിക യാത്രാച്ചെലവുകൾ കുടിശ്ശികയുൾപ്പെടെ യഥാസമയം നൽകുന്നതിനായി 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

ശിപാർശ

2202-01-104-99—പരിശോധന

04-1—യാത്രാബത്ത

സംസ്ഥാനത്തെ എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്തയിനത്തിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 63.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

ശിപാർശ

2202-02-001-99—ഡയറക്ടറേറ്റ് ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ

04-1—യാത്രാബത്ത

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

ശിപാർശ

2202-02-001-98—വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ

04-1—യാത്രാബത്ത

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോഫീസിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 43.67 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

2202-02-101-99—പരിശോധന

04-1—യാത്രാബത്ത

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രാബത്ത ഇനത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

ശിപാർശ

2202-01-104-99—പരിശോധന

06—വാടക, കരം, നികുതി

പൊതുവിദ്യാഭ്യാസ വകുപ്പിലെ നിരവധി ഓഫീസുകൾ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കുടിശ്ശികയിനത്തിൽ 60 ലക്ഷം രൂപ ഇനിയും നൽകേണ്ടതായിട്ടുണ്ട്. ഇതിലേക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

ശിപാർശ

2202-04-103-98—കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി ധനസഹായം

കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനിൽ സാക്ഷരതാ പ്രേരക്മാരായും അസിസ്റ്റന്റ് പ്രേരക്മാരായും പ്രവർത്തിക്കുന്നവർക്ക് നൽകിവരുന്ന ഓണറേറിയം വർഷങ്ങളായി വർദ്ധിപ്പിച്ചുനൽകിയിട്ടില്ല. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിലുള്ളവർക്ക് ഇന്നു ലഭിക്കുന്ന തുക 1,300 മുതൽ 2,400 രൂപ വരെയാണ്. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ തൊഴിലാളികൾക്കു ലഭിക്കുന്ന തുകപോലും ഇവർക്കു ലഭിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഓണറേറിയത്തിൽ 100% വർദ്ധനവ് നൽകണമെന്നും ഈ വർദ്ധനവ് വരുത്തുന്നതിനാവശ്യമായ തുക ഈ ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

ശിപാർശ

2203-00-800-91—കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നൂതന യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് അച്ചടി ജോലികളും പരിശീലനവും നടത്തി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അതുവഴി സഞ്ചിത നഷ്ടം ഇല്ലാതാക്കി സെന്ററിന്റെ വരുമാനം ഉയർത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 450 ലക്ഷം രൂപ അധിക സഹായധനമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

ശിപാർശ

2203-00-800-97—ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗ്രാന്റ്

കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കോട്ടയം സെന്റർ തുടങ്ങുന്നതിന് 50% കേന്ദ്ര സർക്കാർ ഗ്രാന്റും 50% സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായ 7.25 കോടി രൂപ കൂടി ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോട്ടയം സയൻസ് സെന്റർ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 725 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

2203-00-800-78—ശാസ്ത്ര അവബോധ പ്രചരണ പരിപാടി

2009-2010 സാമ്പത്തികവർഷത്തിൽ ആരംഭിച്ചതും അഞ്ചു വർഷക്കാലം നീണ്ടു നിൽക്കുന്നതുമായ ഈ തുടർപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും വളരെ സ്വീകാര്യതയുള്ള ഈ പദ്ധതി രണ്ടുവർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കായി 2012-13 സാമ്പത്തികവർഷം 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

ശിപാർശ

2202-03-112-95—സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനുള്ള ധനസഹായം

സി.ഡി.എസ്.-ലെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും പരിഷ്ക്കരിച്ച ശമ്പളം നൽകുന്നതിന് 45% തുക കേന്ദ്ര സർക്കാരിനു കീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ചും 45% തുക സംസ്ഥാനവും നൽകുന്നു. ബാക്കി 10% തുക സി.ഡി.എസ്. സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്. സി.ഡി.എസ്-ന് പദ്ധതിയേതര ഇനത്തിൽ ഈ വർഷം വകയിരുത്തിയിട്ടുള്ള 165 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ആയത് 293.51 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സാംസ്കാരികകാര്യ വകുപ്പ്

ശിപാർശ

2202-05-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി-ധനസഹായം-ശമ്പളേതരം

വായനശീലം വളർത്തിയെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ നടപ്പുവർഷത്തെ പദ്ധതികളായ പുതിയ ശാഖകൾ തുറക്കുന്നതിനും കേന്ദ്ര ഓഫീസ് നിർമ്മിക്കുന്നതിനും ജില്ലാ/താലൂക്ക് പുസ്തകമേള നടത്തുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമേ 133 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

ശിപാർശ

2205-00-102-40—വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയ സംഘം-ധനസഹായം

കേരളത്തിലെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവയുടെ സംരക്ഷണത്തിനും പ്രചാരണത്തിനും വേണ്ടി പ്രവർത്തിക്കുന്ന മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് സൊസൈറ്റി (വൈലോപ്പിള്ളി സംസ്കൃതി ഭവൻ) നടപ്പുവർഷം

അടിസ്ഥാന സൗകര്യ വികസനരംഗത്തും കലാ സാംസ്കാരികരംഗത്തും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിപുലമായ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ പദ്ധതി യിനത്തിൽ 162 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പള ഇനത്തിലുള്ള ചെലവുകൾക്കു വേണ്ടി പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

ശിപാർശ

2205-00-102-65—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുള്ള ധനസഹായം

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കൈരളി കോഴിക്കോട്, ശ്രീ കോഴിക്കോട്, കൈരളി തൃശ്ശൂർ, ശ്രീ തൃശ്ശൂർ, കലാഭവൻ തിരുവനന്തപുരം എന്നീ തീയറ്ററുകൾ പുനരുദ്ധാരണത്തിനും റീമോഡലിംഗിനുമായി ഈ വർഷം 5 മാസത്തോളം അടച്ചിടേണ്ടതായി വരുമ്പോൾ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിനായി പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കു പുറമെ 300 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

ശിപാർശ

2205-00-103-85—പൈതൃക പഠനകേന്ദ്രം

സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ലൈബ്രറി കോംപ്ലക്സ് നിർമ്മാണം, പബ്ലിക്കേഷൻ അക്കാദമികളുടെ പുനഃസംഘടന, വർക്ക്ഷോപ്പുകളും സെമിനാറുകളും കൺസർവേഷൻ ലബോറട്ടറി നവീകരണം തുടങ്ങിയ പദ്ധതിയേതര ഇനത്തിലെ ചെലവുകൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 421.69 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

ശിപാർശ

2205-00-107-99-05-(1)—ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം-വെള്ളക്കരം

മ്യൂസിയം മൃഗശാലവകുപ്പിൽ മൃഗങ്ങളുടെ പരിപാലനത്തിനും പൂന്തോട്ടത്തിലെ ആവശ്യത്തിനും മറ്റുമായി ജലത്തിന്റെ ഉപയോഗം വളരെ കൂടുതലാണ്. ഈയിനത്തിൽ വാട്ടർ അതോറിറ്റിക്ക് 1,52,41,217 രൂപ കുടിശ്ശികയുണ്ട്. ആയതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്കുപുറമെ കുടിശ്ശിക തീർപ്പാക്കാൻ 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾക്ക് മറുപടി ലഭിച്ചവ, ലഭിക്കാത്തവ എന്നിവ വകുപ്പ് തിരിച്ചുള്ള പട്ടിക.

| *ക്രമ നമ്പർ* | *വകുപ്പ്* | *മറുപടി ലഭിച്ച ഖണ്ഡികകൾ* | *മറുപടി ലഭിക്കാത്ത ഖണ്ഡികകൾ* |
|---|---|---|---|
| 1 | പൊതുവിദ്യാഭ്യാസം | ഇല്ല | 2 മുതൽ 11 വരെ |
| 2 | ഉന്നതവിദ്യാഭ്യാസം | 12, 13, 14, 15, 16, 21, 23 | 17, 18, 19, 20 |
| 3 | ശാസ്ത്രസാങ്കേതികം | 25, 26, 27 | |
| 4 | കായിക യുവജനകാര്യം | 28, 30 മുതൽ 39 വരെ | |
| 5 | സാംസ്കാരികകാര്യ വകുപ്പ് | 40, 41, 42, 44, 45, 46, 47, 49, 51, 52, 53, 54, 55, 56, 57, 58, 59, 60, 61, 62, 64 | 43, 48, 50, 63, 65 |

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2013 ജൂൺ 20.